**പതിമൂന്നാം കേരള നിയമസഭ**

# മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2014-16)

**അഞ്ചാമത് റിപ്പോർട്ട്**

(2013 ഒക്ടോബർ 1 മുതൽ 2014 ഡിസംബർ 31 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച്)

(2015 ജൂൺ 8-ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2014-16)

## അഞ്ചാമത് റിപ്പോർട്ട്

(2013 ഒക്ടോബർ 1 മുതൽ 2014 ഡിസംബർ 31 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച്)

(2015 ജൂൺ 8-ാം തീയതി സമർപ്പിച്ചത്)

863/2015.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| ആമുഖം | | .. | vii |
| റിപ്പോർട്ട് | | .. | 1 |
| അനുബന്ധം | | | |
| I. | ഗവൺമെന്റിൽനിന്നും അനുകൂല മറുപടി ലഭിച്ച ഹർജികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് | .. | 12 |
| II. | ഗവൺമെന്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് | .. | 21 |
| III. | സമിതി പരിഗണിക്കുകയും വിവിധ കാരണങ്ങളാൽ നിരസിക്കുകയും ചെയ്ത ഹർജികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് | .. | 24 |
| IV. | ഗവൺമെന്റിൽനിന്ന് അന്തിമ റിപ്പോർട്ട് ലഭിക്കാത്തതിനാൽ തീരുമാനമാകാത്ത ഹർജികളെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് | .. | 25 |

## സമിതിയുടെ ഘടന

**അദ്ധ്യക്ഷൻ :**

ശ്രീ. റ്റി. യു. കുരുവിള, എം.എൽ.എ.

**അംഗങ്ങൾ :**

ശ്രീ. എ. എ. അസീസ്, എം.എൽ.എ.

ശ്രീ. ബി. ഡി. ദേവസ്സി, എം.എൽ.എ.

ശ്രീ. വർക്കല കഹാർ, എം.എൽ.എ.

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ), എം.എൽ.എ.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി, എം.എൽ.എ.

ശ്രീ. എസ്. രാജേന്ദ്രൻ, എം.എൽ.എ.

ശ്രീ. കെ. രാജു, എം.എൽ.എ.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി

ശ്രീ. ജി. മാത്യുക്കുട്ടി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി

## ആമുഖം

മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2013 ഒക്ടോബർ 1 മുതൽ 2014 ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതിയുടെ പരിഗണനയിൽ വന്ന വിഷയങ്ങൾ വിശദമാക്കിക്കൊണ്ട് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

വയോജനങ്ങൾ സമൂഹത്തിൽ നേരിടുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് നടത്തിയ പഠനങ്ങൾ, വയോജനങ്ങളുടെ ജനസംഖ്യ ക്രമാതീതമായി വർദ്ധിച്ചു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വൃദ്ധസദനങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് വിലയിരുത്തുന്നതിന് വേണ്ടി നടത്തിയ സന്ദർശനങ്ങൾ, തെളിവെടുപ്പുയോഗങ്ങൾ, ഇവയുടെ അടിസ്ഥാനത്തിൽ മുതിർന്ന പൗരന്മാരുടെ ക്ഷേമം ലക്ഷ്യമാക്കിക്കൊണ്ടുള്ള സമിതിയുടെ വിലയിരുത്തലുകളും ശിപാർശകളും മുതിർന്ന പൗരന്മാരിൽ നിന്നും സന്നദ്ധസംഘടനകളിൽ നിന്നും ലഭിച്ച ഹർജികളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളുടെ വിവരങ്ങളും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2015 മേയ് 13-ന് ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ടി. യു. കുരുവിള,
*അദ്ധ്യക്ഷൻ,*
*മുതിർന്ന പൗരന്മാരുടെ ക്ഷേമം*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ജൂൺ 8.

# റിപ്പോർട്ട്

1. മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഒരു പാരമ്പര്യമാണ് ഭാരതീയർക്ക് പ്രത്യേകിച്ചും കേരളീയർക്കുണ്ടായിരുന്നത്. എന്നാൽ ഇന്ന് വളരെ അപൂർവ്വമായി മാത്രമേ ഇത്തരം ബന്ധങ്ങൾ നമുക്കു കാണാൻ കഴിയുകയുള്ളൂ. ആധുനിക കാലഘട്ടത്തിൽ മനുഷ്യരിൽ ബഹുഭൂരിപക്ഷവും കമ്പ്യൂട്ടർ തുടങ്ങിയ യന്ത്രവൽകൃത യുഗത്തിലാണ് ജീവശ്വാസം കണ്ടെത്തുന്നതെന്നുതന്നെ പറയാം. പരസ്പരം സൗഹാർദ്ദപരമായി ഇടപെടാനോ ഒന്നു ചിരിക്കാനോപോലും സമയം കണ്ടെത്താനാകാതെ ഭൗതിക നേട്ടങ്ങൾക്കായുള്ള വ്യഗ്രതയിലാണ് ഇന്ന് ആധുനിക മനുഷ്യർ, പ്രത്യേകിച്ചും യുവതലമുറ. സ്വന്തം സുഖസൗകര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുമ്പോൾ, ചോര നീരാക്കി തങ്ങളെ പഠിപ്പിച്ച് വളർത്തി വലുതാക്കി ഓരോ ജീവിത പന്ഥാവുകളിലെത്തിച്ച മാതാപിതാക്കന്മാരെ നിഷ്കരുണം വലിച്ചെറിയുന്ന ഒരു ദുരവസ്ഥയിലേക്ക് എത്തിപ്പെട്ടിരിക്കുകയാണ് ഇന്നത്തെ വലിയൊരു വിഭാഗം യുവതലമുറ. ജീവിതത്തിന്റെ ഏറിയ ഭാഗവും മക്കളുടെ ഭാവി ഭാസുരമാക്കുന്നതിനായി അഹോരാത്രം കഷ്ടപ്പെട്ട് അവരെ ഒരു കരയ്ക്കെത്തിക്കുന്നതിനുള്ള തത്രപ്പാടിലായിരിക്കും ബഹു ഭൂരിപക്ഷം മാതാപിതാക്കളും. എന്നാൽ ജീവിതത്തിന്റെ പുത്തൻ മേച്ചിൽപ്പുറങ്ങൾ തേടി അന്യദേശത്തേക്കും സ്വദേശത്തു തന്നെ വളരെ ദൂരെയായും യാത്രയാകുമ്പോൾ വൃദ്ധരായ മാതാപിതാക്കൾ ഭവനങ്ങളിൽ ഒറ്റപ്പെടുന്ന അവസ്ഥ സംജാതമാകുന്നു. അച്ഛനമ്മമാരിൽ ഒരാൾ പ്രായാധിക്യത്താലോ രോഗത്താലോ മരണപ്പെടുമ്പോൾ ജീവിച്ചിരിക്കുന്നയാൾ ഏകാന്ത ജീവിതം നയിക്കേണ്ട ഒരു സ്ഥിതിവിശേഷത്തിലേക്ക് എത്തിപ്പെടുന്നു.

2. ഇന്ന് ഇത്തരത്തിൽ ഒറ്റപ്പെട്ടു കഴിയുന്നവരിൽ ഏറിയ പങ്കും വിധവകളാണ്. അവിവാഹിതരും മക്കളില്ലാത്തവരുമായ വയോജനങ്ങളും സമൂഹത്തിൽ വർദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ വൃദ്ധസദനങ്ങൾ, പകൽ വീടുകൾ എന്നിവയുടെ പ്രാധാന്യം ഏറിവരികയാണ്. എല്ലാ മുതിർന്നവരും മക്കളുടെയും ചെറുമക്കളുടെയും ബന്ധുജനങ്ങളുടെയുമൊപ്പം ജീവിക്കാനാണ് ആഗ്രഹിക്കുന്നത്. എന്നാൽ വിധി വൈപരീത്യം എന്നതുകൊണ്ട് മാത്രമാണ് ഇഷ്ടമില്ലാഞ്ഞിട്ടും വൃദ്ധ മാതാപിതാക്കൾക്കും മറ്റു അശരണരും രോഗികളും ശാരീരിക-മാനസിക വൈകല്യങ്ങളുള്ളവരായ വൃദ്ധർക്കും, വൃദ്ധരായ വിധവകൾക്കും ജീവിതത്തിന്റെ നാനാതുറകളിലുള്ള മറ്റു വയോജനങ്ങൾക്കും വൃദ്ധസദനങ്ങളെയും അത്തരത്തിലുള്ള മറ്റ് സ്ഥാപനങ്ങളെയും ആശ്രയിക്കേണ്ടി വരുന്നത്.

3. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ വയോജനങ്ങളുടെ എണ്ണം ഏറിവരികയാണ്. എന്നാൽ പ്രസ്തുത വർദ്ധനയ്ക്ക്, ആനുപാതികമായ ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. 1991-ൽ വയോജന വിഭാഗം ആകെ ജനസംഖ്യയുടെ 9% ആയിരുന്നത് 2021-ൽ 15% ആയും 2051-ൽ 26%

ആയും വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വർദ്ധിച്ചു വരുന്ന മുതിർന്ന ജനവിഭാഗങ്ങളുടെ ആരോഗ്യ പുനരധിവാസ പ്രശ്നങ്ങൾ ഗൗരവതരമായി പഠിച്ച് അവലോകനം ചെയ്യേണ്ട ഒരു വിഷയമായി മാറിയിരിക്കുകയാണ്.

4. കൂട്ടുകുടുംബവ്യവസ്ഥിതി മാറി അണുകുടുംബത്തിലേക്കുള്ള പരിവർത്തനം വയോജനങ്ങളുടെ ഒറ്റപ്പെടലിന്റെ ആഴം വർദ്ധിപ്പിച്ചിരിക്കുകയാണ്. പുതുതലമുറ സ്വാർത്ഥരാകാനും ഇത് കാരണമാകുന്നു. എന്നാൽ മുതിർന്നവർ അനുഭവജ്ഞാനത്തിന്റെ അനന്തഖനിയാണെന്ന അവബോധം കുട്ടികളിൽ വളർത്തിയെടുക്കുകയും വൃദ്ധമാതാപിതാക്കളെ സംരക്ഷിക്കേണ്ടത് തങ്ങൾ ഓരോരുത്തരുടെയും കടമയാണെന്നുള്ള ചിന്ത കുട്ടികളിൽ വളർത്തുകയും ചെയ്യേണ്ടത് സമൂഹത്തിന്റെ പ്രത്യേകിച്ച് കുടുംബത്തിലോരോരുത്തരുടെയും കർത്തവ്യമാണ്.

5. സർക്കാരിന്റെയും സർക്കാരിതര സംഘടനകളുടെയും കുടുംബത്തിലെ ഓരോ അംഗങ്ങളുടെയും ബന്ധുക്കളുടെയും സമൂഹത്തിന്റെയും കൂട്ടായ യത്നത്തിലൂടെ മാത്രമേ രോഗികളും നിരാലംബരുമായ മുതിർന്ന ജനവിഭാഗങ്ങളെ സംരക്ഷിക്കാനും അവരുടെ ഭാവി ഭാസുരമാക്കാനും കഴിയുകയുള്ളൂ.

6. മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും പരിരക്ഷയും സംബന്ധിച്ച ആക്ട് 2007, റൂൾസ് 2009 പ്രാബല്യത്തിൽ വന്നതോടെ എല്ലാ ജില്ലാ ആസ്ഥാനത്തും പ്രവർത്തിക്കുന്ന മെയിന്റനൻസ് ട്രിബ്യൂണലിലെ ആർ.ഡി.ഒ.-യ്ക്ക് മുൻപാകെ പരാതി ബോധിപ്പിക്കാനും അവയ്ക്ക് പരിഹാരം കാണാനും വയോജനങ്ങൾക്ക് കഴിയുന്നു. സംസ്ഥാന വയോജന നയപ്രകാരം 29-6-2007-ൽ രൂപീകരിക്കപ്പെട്ട സംസ്ഥാന കൗൺസിൽ, ജില്ലാ കൗൺസിൽ എന്നിവയും മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും പരിരക്ഷയും സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം 6-3-2010-ൽ രൂപീകരിക്കപ്പെട്ട സംസ്ഥാന കൗൺസിൽ, ജില്ലാ കമ്മിറ്റി എന്നിവയും സർക്കാരിന്റെ വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നിരവധി വയോജന ക്ഷേമ പരിപാടികൾ വിലയിരുത്തുകയും അവയുടെ പുരോഗതി പരിശോധിക്കുകയും വയോജന ക്ഷേമ പ്രവർത്തനങ്ങൾ ശരിയായ രീതിയിലാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

7. വിവിധ വകുപ്പുകൾ മുതിർന്ന ജനവിഭാഗങ്ങൾക്ക് അർഹതയ്ക്ക് വിധേയമായി നിരവധി ക്ഷേമ പെൻഷനുകൾ അനുവദിക്കുന്നുണ്ടെങ്കിലും അവ വളരെ തുച്ഛമായ തുകയാണ്. അതിനാൽ വയോജന ക്ഷേമത്തിനായി വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് സമഗ്രമായ ഒരു പരിഷ്കാരം നടപ്പിൽ വരുത്തിയാൽ ഒരു പരിധി വരെയെങ്കിലും മുതിർന്നവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുമെന്ന് നമുക്ക് പ്രത്യാശിക്കാം.

8. 2010 ജൂലൈ 31-ന് രൂപീകരിക്കപ്പെട്ട കേരള നിയമസഭയുടെ മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി, വയോജനങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങളെ കുറിച്ച് വിശകലനം ചെയ്യുകയും ആയത് പരിഹരിക്കാൻ സർക്കാർതലത്തിൽ

നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് കഴിയുന്നുണ്ടോയെന്ന് വിലയിരുത്തുകയും ഉചിതമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള സംസ്ഥാന ജില്ലാതല കൗൺസിലുകളുടെ പ്രവർത്തനം സംബന്ധിച്ച ആക്ഷേപങ്ങളും പരാതികളും പരിശോധിക്കുക, സർക്കാർ/സ്വകാര്യ ഉടമസ്ഥതകളിൽ പ്രവർത്തിച്ചുവരുന്ന വൃദ്ധസദനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് പരാതികൾ പരിശോധിക്കുക എന്നിവ സമിതിയുടെ ചുമതലകളിൽപ്പെടുന്നു. വയോജനങ്ങളുടെ ജനസംഖ്യയിൽ ക്രമാതീതമായ വർദ്ധനവ് ഉണ്ടാകുന്ന ഈ കാലഘട്ടത്തിൽ വൃദ്ധസദനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കി അവയുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുന്നതിന് സമിതി ഈ സ്ഥാപനങ്ങൾ സന്ദർശിക്കുകയും ഉചിതമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

9. 2013 ഒക്ടോബർ 1 മുതൽ 2014 ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതിയുടെ പരിഗണനയിൽ വന്ന വിഷയങ്ങൾ വിശദമാക്കിക്കൊണ്ട് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്. ഈ കാലയളവിൽ സമിതിയുടെ പരിഗണനയ്ക്കായി 67 പുതിയ ഹർജികൾ ലഭിക്കുകയുണ്ടായി. ഇവയിൽ ഹർജിക്കാരുടെ വ്യക്തിപരമായ പ്രശ്നങ്ങളും, അവർക്ക് സമൂഹത്തിൽ നേരിടുന്ന പൊതുവായ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഉൾപ്പെട്ടിരുന്നു. പ്രസ്തുത ഹർജികൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകി തുടർനടപടി സ്വീകരിച്ചു.

10. 2013 ഒക്ടോബർ 1 മുതൽ 2014 ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി 28 യോഗങ്ങൾ ചേർന്നു. ഇവയിൽ 2 യോഗങ്ങൾ കണ്ണൂർ, എറണാകുളം എന്നീ ജില്ലകളുടെ സന്ദർശനത്തോടനുബന്ധിച്ചും ഒരു യോഗം റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുന്നതിനായും മറ്റ് യോഗങ്ങൾ സമിതിയുടെ പരിഗണനയിലുള്ള വിവിധ ഹർജികളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളും പുതിയ ഹർജികളും പരിഗണിക്കുന്നതിനായും ചേർന്നതാണ്.

11. സമിതി 2013 നവംബർ 27-ാം തീയതി എറണാകുളം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേർന്ന് മുതിർന്ന പൗരന്മാർക്കുള്ള ക്ഷേമ പദ്ധതികൾ സംബന്ധിച്ച് വിവിധ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും മുതിർന്ന പൗരന്മാർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് സംഘടനകളും വ്യക്തികളുമായി ചർച്ച നടത്തുകയും പരാതികൾ സ്വീകരിക്കുകയും നിർദ്ദേശങ്ങൾ, ശിപാർശകൾ എന്നിവ നൽകുകയും ചെയ്തു. തുടർന്ന് തേവര ഫെറിയിൽ പ്രവർത്തിക്കുന്ന സർക്കാർ വൃദ്ധസദനം സന്ദർശിക്കുകയും അതിന്റെ പ്രവർത്തനം വിലയിരുത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. സമിതിയുടെ എറണാകുളം സന്ദർശനത്തോടനുബന്ധിച്ച് തയ്യാറാക്കിയ സമിതി (2014-16)യുടെ 4-ാമത് റിപ്പോർട്ട് 2014 ജൂലൈ 2-ാം തീയതി സഭയിൽ സമർപ്പിച്ചിട്ടുണ്ട്.

12. സമിതി 2014 ഒക്ടോബർ 15-ാം തീയതി റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും പ്രസ്തുത വകുപ്പുകൾ സമിതിയുടെ പരിഗണനയിലുള്ള ഹർജി വിഷയങ്ങളിൽ റിപ്പോർട്ട് ലഭ്യമാക്കാൻ കാലതാമസം വരുത്തുന്നതിൽ അതൃപ്തി രേഖപ്പെടുത്തുകയും മേൽ വിഷയം ഗൗരവമായി പരിഗണിച്ച് കൃത്യസമയത്ത് റിപ്പോർട്ട് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

13. സമിതി 2014 നവംബർ 26-ാം തീയതി കണ്ണൂർ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേർന്ന് കണ്ണൂർ ജില്ലയിലെ മുതിർന്ന ജനവിഭാഗങ്ങൾക്കുവേണ്ടി വിവിധ വകുപ്പുകൾ നടപ്പിലാക്കിവരുന്ന ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും പൊതുജനങ്ങളിൽ നിന്നും സന്നദ്ധസംഘടനകളിൽ നിന്നും പരാതികൾ സ്വീകരിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**മുതിർന്ന പൗരന്മാരുടെ ക്ഷേമം ലക്ഷ്യമാക്കിക്കൊണ്ടുള്ള സമിതിയുടെ വിലയിരുത്തലുകളും ശിപാർശകളും**

14. സ്വന്തമായി ജീവിക്കുവാൻ നിവൃത്തിയില്ലാത്ത രോഗവും പ്രായാധിക്യവും കൊണ്ട് ബുദ്ധിമുട്ട് അനുഭവിക്കുന്ന മുതിർന്ന പൗരന്മാരായ ധാരാളം അവശ ജന്മിമാർ ഈ കാലഘട്ടത്തിലും ജീവിക്കുന്നുണ്ടെന്നും ഇവർക്ക് വളരെ തുച്ഛമായ ജന്മിപെൻഷൻ മാത്രമാണ് ലഭിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. 1,500 രൂപയാണ് ജന്മിപെൻഷനായി ലഭിച്ചുകൊണ്ടിരുന്നത്. പ്രസ്തുത തുക 3,000 രൂപയായി വർദ്ധിപ്പിച്ചു കൊണ്ട് 1-9-2014-ൽ ഉത്തരവ് പുറപ്പെടുവിച്ചതിനെ സമിതി സ്വാഗതം ചെയ്യുന്നു. എന്നാൽ പ്രസ്തുത തുക അപര്യാപ്തമായതിനാൽ ആയത് 5,000 രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പ്രസ്തുത ജന്മിപെൻഷൻ കുടുംബ പെൻഷനായി ലഭിക്കുകയാണെങ്കിൽ അവരുടെ ജീവിത നിലവാരത്തിന് ഒരു പരിധിവരെ മാറ്റമുണ്ടാവുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അർഹരായവർക്ക് മുൻ ജന്മിപെൻഷൻ കുടുംബ പെൻഷനായി നൽകുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. ബസ്സുകളിൽ 20% സീറ്റുകൾ മുതിർന്ന പൗരന്മാർക്കായി റിസർവ് ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ഏതാനും ബസ്സുകളിൽ പ്രത്യേകിച്ച് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ മുതിർന്ന പുരുഷന്മാർക്കും മുതിർന്ന സ്ത്രീകൾക്കും സീറ്റുകൾ രേഖപ്പെടുത്തി കൊണ്ട് എഴുതിവയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഭൂരിപക്ഷം ബസ്സുകളിലും പ്രത്യേകിച്ച് സ്വകാര്യ ബസ്സുകളിൽ ഇങ്ങനെ രേഖപ്പെടുത്തി കാണുന്നില്ല. ഇതുനിമിത്തം മുതിർന്ന പൗരന്മാർക്ക്, അവർക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യത്തെക്കുറിച്ച് ബോധവാന്മാരാകാനോ അത് ആവശ്യപ്പെടാനോ കഴിയുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു.

ആയതിനാൽ എല്ലാ സ്വകാര്യ/സർക്കാർ ബസ്സുകളിലും ഇത്തരം രേഖപ്പെടുത്തലുകൾ നിർബന്ധമായും നടത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ ആർ.ടി.ഒ.മാർക്ക് നിർദ്ദേശം നൽകണമെന്നും മുതിർന്ന പൗരന്മാർക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യം നിർബന്ധമായും അവർക്ക് ലഭിക്കുന്നതിന് പോലീസ് വകുപ്പിന്റെ ഭാഗത്തുനിന്നും ഇടപെടലുകൾ ഉണ്ടാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

16. കേരള സമൂഹത്തിൽ ഒട്ടേറെ വയോജനങ്ങൾ വൃക്കകൾ തകരാറിലായതിനെ തുടർന്ന് തുടർച്ചയായ ഡയാലിസിസിന് വിധേയരായിക്കൊണ്ടിരിക്കുന്നു. മിക്ക രോഗികളും ജീവിതകാലം മുഴുവൻ ഡയാലിസിസ് നടത്താൻ വിധിക്കപ്പെട്ടവരാണ്. ഈ കാലഘട്ടത്തിൽ ഡയാലിസിസ് സെന്ററുകൾ ഭൂരിഭാഗവും സ്വകാര്യ മേഖലയിൽ ആണ് പ്രവർത്തിക്കുന്നത്. സർക്കാർ ആശുപത്രികളിൽ മതിയായ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ വലിയവിഭാഗം രോഗികൾക്ക് സ്വകാര്യ കേന്ദ്രങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. ഇതുമൂലം നിർധനരായ വയോജനങ്ങൾക്ക് ഭാരിച്ച ചെലവ് നേരിടേണ്ടി വരുന്നതായി സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ സാമ്പത്തിക പരിധിയില്ലാതെ എല്ലാ വയോജനങ്ങൾക്കും സർക്കാർ/സ്വകാര്യ ആശുപത്രികളിൽ സൗജന്യമായി ഡയാലിസിസ് ചെയ്യുന്നതിനുള്ള സൗകര്യം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. സമൂഹത്തിലെ ദരിദ്രരും അവശരും നിരാലംബരും നിരാശ്രയരുമായ വിഭാഗത്തിനായി രൂപീകരിച്ചിട്ടുള്ളതും സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നതുമായ സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതിയായ ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നതിനുള്ള അർഹതയുള്ള വാർഷിക വരുമാന പരിധി എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ, 20-7-2013-ലെ സ.ഉ. (എംഎസ്.) നമ്പർ 59/ 2013/സാനീവ. പ്രകാരം 3 ലക്ഷമായി ഉയർത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

18. എന്നാൽ പ്രസ്തുത വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നതിനുള്ള അർഹതയുള്ള വരുമാന പരിധി ഭേദഗതി ചെയ്ത് 1 ലക്ഷം രൂപയായി ഏകീകരിച്ചുകൊണ്ട് 20-6-2014-ലെ സ.ഉ.(എംഎസ്.) നമ്പർ 52/2014/സാനീവ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. ഇത്തരത്തിൽ വരുമാനപരിധി 1 ലക്ഷമായി കുറച്ചപ്പോൾ വളരെയധികം ആശ്വാസകരമായി പെൻഷൻ ലഭിച്ചുകൊണ്ടിരുന്ന വലിയൊരു വിഭാഗം വയോജനങ്ങൾക്ക് വാർദ്ധക്യകാല പെൻഷൻ ലഭിക്കാതെയായി. ആയതിനാൽ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന, ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 60 വയസ്സും അതിനു മുകളിലും പ്രായമുള്ള വയോജനങ്ങൾക്ക് ലഭിക്കുന്നതിനുള്ള വാർഷിക വരുമാനപരിധി 3 ലക്ഷം രൂപയായി പുനഃസ്ഥാപിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19. മുതിർന്നവർക്ക് പുനർനിയമനം സാദ്ധ്യമായ മേഖലകളിൽ ആയത് ലഭിക്കുന്നതിന് എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. ചെവി കേൾക്കാനും കണ്ണ് കാണുന്നതിനും നടക്കാൻ ബുദ്ധിമുട്ടുള്ളവരും മറ്റ് ശാരീരിക മാനസിക അവശതകൾ ഉള്ളതുമായ മുതിർന്ന പൗരന്മാർക്ക് പരസഹായമില്ലാതെ ഒറ്റയ്ക്ക് യാത്ര ചെയ്യേണ്ടതായി വരുന്ന അവസരങ്ങളിൽ റോഡ് ക്രോസ് ചെയ്യുന്നതിന് വളരെയധികം ബുദ്ധിമുട്ടനുഭവപ്പെടുന്നതായി സമിതി മനസ്സിലാക്കുന്നു. അതിനാൽ ഇത്തരം വയോജനങ്ങളെ റോഡ് കടത്തിവിടുന്നതു സംബന്ധിച്ച് സമൂഹത്തെ ബോധവത്കരിക്കണെമെന്നും ട്രാഫിക്ക്/ഹൈവേ പോലീസിന് വേണ്ട നിർദ്ദേശം നൽകണമെന്നും സ്കൂൾ കോളേജ് പാഠ്യപദ്ധതിയിൽ പ്രസ്തുത വിഷയം ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

21. ദീർഘകാല രോഗങ്ങളും മാരകരോഗങ്ങളും പിടിപെട്ട വൃദ്ധരെ സാധാരണഗതിയിലുള്ള വൃദ്ധസദനങ്ങളിൽ പ്രവേശിപ്പിക്കാൻ കഴിയുകയില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇത്തരം രോഗങ്ങൾ ബാധിക്കുന്നവരെ ശുശ്രൂഷിക്കുന്നതിനു വേണ്ട ആതുരാലയങ്ങൾ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണെമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. സമൂഹത്തിൽ ഏറ്റവുമധികം ശാരീരികമായും മാനസികമായും അവശത അനുഭവിക്കുന്ന ഒരു വിഭാഗമാണ് മുതിർന്ന പൗരൻമാർ. വാർദ്ധക്യകാലത്ത് സർക്കാരിൽ നിന്നും ലഭിക്കുന്ന വളരെ തുച്ഛമായ പെൻഷൻ തുക കൊണ്ട് ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിയ്ക്കുവാൻ മുതിർന്ന ജനവിഭാഗം വളരെയധികം ക്ലേശം അനുഭവിക്കുന്നു. ഇവരിൽ വലിയൊരു വിഭാഗം സർക്കാർ വാഹനങ്ങളെ ആശ്രയിക്കുന്നവരാണ്. ആശുപത്രികളിൽ പോകുന്നതിനും മറ്റു പല ആവശ്യങ്ങൾക്കും യാത്ര ചെയ്യുന്നതിനും അവർക്ക് കെ.എസ്.ആർ.ടി.സി. ബസുകളെ ആശ്രയിക്കേണ്ടതായി വരുന്നു. ആയതിനാൽ സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന എ.പി.എൽ. വിഭാഗക്കാരെ ഒഴിവാക്കി ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട മുതിർന്ന പൗരൻമാർക്ക് പൊതുവാഹനങ്ങളിൽ 50% യാത്രാസൗജന്യം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

23. വാർദ്ധക്യകാലം ആരോഗ്യം ക്ഷയിച്ചുവരുന്ന കാലമാണ്. പൂർണ്ണ ആരോഗ്യത്തോടെയുള്ള വയോജനങ്ങൾ വളരെ കുറവാണ്. പലവിധ രോഗങ്ങളാൽ കഷ്ടപ്പെടുന്ന വയോജനങ്ങളെ നമുക്ക് ചുറ്റും കാണാൻ സാധിക്കും. പെട്ടെന്ന് ഒരു അസുഖം വരികയാണെങ്കിൽ ചികിത്സിച്ചു ഭേദമാക്കാവുന്നതാണെങ്കിൽ പോലും ഇപ്പോഴത്തെ മരുന്ന് വിലയുടെയും ആശുപത്രി ചെലവിന്റെയും ത്രക്ഷമായ കുതിച്ചുകയറ്റം സാധാരണയായി ഒരു മുതിർന്ന പൗരന് താങ്ങാവുന്നതിലുമപ്പുറമാണ്. അതേസമയം മാരകമായ ഒരു അസുഖമാണ് ബാധിക്കുന്നതെങ്കിൽ ചികിത്സയ്ക്ക് പണം കണ്ടെത്താനാകാതെ നെട്ടോട്ടമോടുന്ന ഒരു അവസ്ഥ സംജാതമാകുകയും ബന്ധുക്കൾ പോലും അവരെ

കയ്യൊഴിയുന്ന അവസ്ഥ ഉണ്ടാകുകയും ചെയ്യുന്നു. ആയതിനാൽ ഏതെങ്കിലും ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ എല്ലാ വയോജനങ്ങളെയും ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകതയ്ക്ക് സർക്കാർ മതിയായ പ്രാധാന്യം നൽകേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. ഇക്കാരണത്താൽ എ.പി.എൽ. വിഭാഗത്തിലെ മുതിർന്ന പൗരൻമാർക്ക് കുറഞ്ഞ നിരക്കിലും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട മുതിർന്ന പൗരൻമാർക്ക് സൗജന്യമായും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24. വയോജനങ്ങളുടെയും മാതാപിതാക്കളുടെയും ക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്തുന്നതിന് രൂപീകൃതമായ, മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും ക്ഷേമവും പരിരക്ഷയും സംബന്ധിച്ച നിയമം 2007, സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ടെങ്കിലും ആയതിന്റെ പ്രയോജനം ബഹുഭൂരിപക്ഷം പേർക്കും ലഭിക്കുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. മാതാപിതാക്കളുടെ സംരക്ഷണം മക്കളുടെ കടമയാണെന്ന അവബോധം പുതിയ തലമുറയിൽ സൃഷ്ടിക്കുന്നതിനായി മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച വിഷയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

25. സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന സാമൂഹ്യ സുരക്ഷാ പെൻഷനായ ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ തുക 60 വയസ്സ് മുതൽ 79 വയസ്സ് വരെയുള്ളവർക്ക് 600 രൂപയും 80 വയസ്സും അതിനു മുകളിലുള്ളവർക്ക് 1,200 രൂപയുമാണ് നൽകി വരുന്നത്. എന്നാൽ മരുന്നുകൾ ഉൾപ്പെടെ അവശ്യസാധനങ്ങളുടെ വില അനുദിനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രസ്തുത തുക വളരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 60 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ മുതിർന്ന പൗരൻമാർക്കും പ്രതിമാസ വാർദ്ധക്യകാല പെൻഷൻ തുക 3,000 രൂപയായി വർദ്ധിപ്പിക്കണമെന്നും ആയത് അതത് മാസം തന്നെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

26. ആരോഗ്യരംഗത്തെ ചികിത്സാ ചെലവ് ഒരു സാധാരണ പൗരന് താങ്ങാവുന്നതിനുമപ്പുറമാണ്. സർക്കാർ ആശുപത്രികളിൽ ബി.പി.എൽ. വിഭാഗത്തിലുള്ള മുതിർന്ന പൗരൻമാർക്ക് പൂർണ്ണമായും സൗജന്യ ചികിത്സ നൽകി വരുന്നതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ സർക്കാർ ആശുപത്രികളിൽ ലാബ് സൗകര്യം വളരെ പരിമിതമാകയാൽ മുതിർന്ന പൗരൻമാർക്ക് ചികിത്സാ നിർണ്ണയത്തിന് സ്വകാര്യ ലാബുകളെ ആശ്രയിക്കേണ്ടതായി വരുന്നു. അവിടെ വളരെ ഭീമമായ തുകയാണ് പലവിധ

ടെസ്റ്റുകൾക്കും രോഗികളിൽ നിന്നും ഈടാക്കുന്നത്. അതുപോലെ തന്നെ ചില സന്ദർഭങ്ങളിൽ വയോജനങ്ങൾക്ക് ചികിത്സയ്ക്കായി സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടതായി വരുന്നു. അവിടെയും വളരെയധികം തുക ചികിത്സാ ചെലവിനത്തിൽ രോഗികളിൽ നിന്നും ഈടാക്കി വരുന്നു. വാർദ്ധക്യകാലത്ത് പലവിധ രോഗപീഡകളാൽ കഷ്ടപ്പെടുന്ന മുതിർന്ന പൗരൻമാർക്ക് എപ്പോഴും സർക്കാർ/സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ട അവസ്ഥയാണ്. സംസ്ഥാനത്തെ സ്വകാര്യ ലാബുകളെയും ആശുപത്രികളെയും ഏകീകൃത സ്വഭാവമുള്ള സ്ഥാപനങ്ങളാക്കി മാറ്റേണ്ടത് അത്യന്താപേക്ഷിതമാണ്. ആയതിനാൽ സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളുടെ മേൽ സർക്കാരിന് നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിനായി സർക്കാരിന്റെ പരിഗണനയിലുള്ള "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ" നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

27. ക്ഷീരവികസന വകുപ്പിന് കീഴിൽ കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ ക്ഷീരകർഷകരിൽ 60 വയസ്സിനു മേൽ പ്രായമുള്ള ക്ഷീരകർഷകർക്ക് പ്രതിമാസ പെൻഷൻ ഇനത്തിൽ 500 രൂപ നിരക്കിൽ നൽകി വരുന്നതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ വർദ്ധിച്ചുവരുന്ന ജീവിതചെലവ് കാരണം കന്നുകാലികൾക്കുള്ള തീറ്റയിനത്തിൽ വളരെയധികം തുക ക്ഷീരകർഷകർക്ക് ചെലവ് വരുന്നു. ചെലവിനൊത്ത വരുമാനവും പലർക്കും ലഭിക്കുന്നുമില്ല. പ്രായമേറി വരുമ്പോൾ പലതരം അസുഖങ്ങൾ ബാധിക്കുകയും വേണ്ടുംവിധം മൃഗങ്ങളെ പരിപാലിക്കുന്നതിന് സാധിക്കാതെയും വരുന്നു. അതിനാൽ ക്ഷീരവികസന ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ മുതിർന്ന പൗരൻമാർക്ക് നൽകി വരുന്ന പ്രതിമാസ പെൻഷൻ തുക 3,000 രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

28. കൃഷി ഉപജീവനമാർഗ്ഗമായി സ്വീകരിച്ചുവരുന്ന മുതിർന്ന പൗരൻമാരായ കർഷകർക്ക് കൃഷി വകുപ്പിന് കീഴിൽ 'കർഷക പെൻഷൻ പദ്ധതി' നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയിൽ അംഗത്വം സ്വീകരിച്ച കർഷകർക്ക് പ്രതിമാസം 600 രൂപ പെൻഷനായി നൽകി വരുന്നു. എന്നാൽ ജീവിതചെലവ് ഗണ്യമായി വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ പ്രസ്തുത തുക വളരെ അപര്യാപ്തമാണ്. കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, പ്രായക്കൂടുതൽ ഉണ്ടാകുന്ന രോഗങ്ങൾ എന്നിവയെല്ലാം കൃഷിയെ പ്രതികൂലമായി ബാധിക്കുന്നതാണ്. അതിനാൽ കർഷക പെൻഷൻ പദ്ധതിയിൽ അംഗത്വം സ്വീകരിച്ച എല്ലാ മുതിർന്ന പൗരൻമാരായ കർഷകർക്കും പ്രതിമാസ പെൻഷൻ തുക 3,000 രൂപയായി വർദ്ധിപ്പിച്ചു നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

29. കർഷക പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന മുതിർന്ന പൗരൻമാരായ കർഷകരുടെ പെൺമക്കൾക്ക് വിവാഹ ധനസഹായമായി 25,000 രൂപ നൽകി

വരുന്നതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ വിവാഹാനുബന്ധ ചെലവുകളും മറ്റ് നിത്യോപയോഗസാധനങ്ങളുടെ വിലയും ദിനംപ്രതി വർദ്ധിച്ചുവരുന്ന ഈ സാഹചര്യത്തിൽ പ്രസ്തുത തുക വളരെ പരിമിതമാണ്. ആയതിനാൽ മുതിർന്ന പൗരൻമാരായ കർഷകരുടെ പെൺമക്കൾക്ക് നൽകിവരുന്ന വിവാഹ ധനസഹായം 50,000 (അൻപതിനായിരം രൂപ) രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

30. വൃദ്ധജനങ്ങളെയും വൃദ്ധരായ മാതാപിതാക്കളെയും സ്നേഹിക്കുകയും ബഹുമാനിക്കുകയും അവരുടെ ഉപദേശങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുകയും അവരെ സംരക്ഷിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പുതിയ തലമുറയ്ക്കിടയിൽ അവബോധം സൃഷ്ടിക്കേണ്ടതിന്റെ സമയം അതിക്രമിച്ചതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വൃദ്ധജനപരിപാലനത്തിന്റെയും സംരക്ഷണത്തിന്റെയും അവബോധം പുതുതലമുറയിൽ/ജനങ്ങളിൽ സൃഷ്ടിക്കുന്ന തരത്തിലുള്ള പ്രചാരണം പാഠ്യപദ്ധതികളിലും ടെലിവിഷൻ, റേഡിയോ, വിവിധ പത്രങ്ങൾ എന്നീ മാധ്യമങ്ങൾ മുഖേനയും നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31. എല്ലാ സർക്കാർ/സ്വകാര്യ ആശുപത്രികളിലും പ്രൈമറി/കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും വൃദ്ധജനങ്ങൾക്കായി പ്രത്യേകം ക്ലിനിക്കുകളും ഒ.പി.യും പ്രവർത്തിച്ചിരുന്നുവെങ്കിൽ അവശരും രോഗികളുമായ വലിയൊരു വിഭാഗം മുതിർന്ന പൗരൻമാർക്ക് ആശ്വാസകരമായിരിക്കുമെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ സംസ്ഥാനത്തെ എല്ലാ സർക്കാർ/സ്വകാര്യ മെഡിക്കൽ കോളേജുകളിലും ജില്ലാ/താലൂക്ക് ആശുപത്രികളിലും പ്രൈമറി/കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും വൃദ്ധജന (ജെറിയാട്രിക്) ക്ലിനിക്കുകളും വയോജനങ്ങൾക്ക് മാത്രമായി പ്രത്യേകം ഒ.പി.യും തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

32. കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ, മറ്റു ദുർബല വിഭാഗങ്ങൾ, പാലിയേറ്റീവ് കെയർ രോഗികൾ എന്നിവർക്കുവേണ്ടി 5% തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും നീക്കിവയ്ക്കുന്നതിന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത പദ്ധതി വിഹിതം വയോജനങ്ങളുടെ ക്ഷേമകരമായ പ്രവർത്തനങ്ങൾക്ക് അപര്യാപ്ത മാണെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ വയോജന ക്ഷേമത്തിനായുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനായി വയോജന ക്ഷേമത്തിനായി പ്രത്യേക തുക ബഡ്ജറ്റിൽ വകയിരുത്തുകയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുള്ള പദ്ധതി വിഹിതം 5 ശതമാനത്തിൽ നിന്നും 10 ശതമാനമാക്കി വർദ്ധിപ്പിക്കുകയോ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

33. മുതിർന്ന പൗരൻമാർക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിലും സ്വകാര്യ ബസ്സുകളിലും യാത്ര ചെയ്യുന്ന വേളയിൽ ബസ്സിന്റെ ബോർഡുകൾ വായിച്ചു മനസ്സിലാക്കുന്നതിന്

വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. അതിനാൽ ബസ് റൂട്ട് ആരംഭിക്കുന്നതും അവസാനിക്കുന്നതുമായ സ്ഥലങ്ങൾ ഇംഗ്ലീഷിലും പ്രാദേശിക ഭാഷയിലും ബസുകളുടെ 4 വശങ്ങളിലും എഴുതിവയ്ക്കുന്നതിനാവശ്യമായ കർശന നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34. മുതിർന്ന പൗരൻമാരെ സംരക്ഷിക്കുവാനോ അവർക്കുവേണ്ടി സമയം കണ്ടെത്തുവാനോ സജീവ താൽപ്പര്യം പ്രകടമാക്കാത്ത ഒരു പുതുതലമുറയെയാണ് ഇപ്പോൾ നമുക്കു ചുറ്റും കാണാൻ കഴിയുന്നത്. സ്വാർത്ഥതാൽപ്പര്യത്തിന് മുൻതൂക്കം നൽകിക്കൊണ്ടുള്ള ഒരു ജീവിത കാഴ്ചപ്പാടാണ് ഇന്ന് സമൂഹത്തിൽ നിലനിൽക്കുന്നത്. മക്കളുടെ സംരക്ഷണം കിട്ടാതെ ലക്ഷക്കണക്കിന് മാതാപിതാക്കൾ ശാരീരിക-മാനസിക വേദനയനുഭവിക്കുന്നതായി സമിതിക്ക് ബോധ്യപ്പെട്ടു. അതിനാൽ മാതാപിതാക്കളെ സംരക്ഷിക്കാത്ത മക്കൾക്കെതിരെ പോലീസ്/റവന്യൂ ഉദ്യോഗസ്ഥർ സ്വമേധയാ കേസെടുത്ത് അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

35. വ്യാപകമായ ചൂഷണത്തിന് വിധേയരാകുന്ന ജനവിഭാഗമാണ് വയോജനങ്ങൾ. ജീവിതത്തിന്റെ ഭൂരിഭാഗം മക്കൾക്കുവേണ്ടി നീക്കിവെച്ച വൃദ്ധജനങ്ങളെ അവരുടെ അവസാന കാലഘട്ടത്തിൽ സംരക്ഷിക്കാതെ അഥവാ അതിനു കഴിയാതെ മക്കൾ അന്യദേശങ്ങളിലേക്ക് കുടിയേറുന്നു. ഇത് വൃദ്ധജനങ്ങൾ സ്വന്തം വീട്ടിൽ ഒറ്റപ്പെട്ടുപോകുന്ന ഒരു അവസ്ഥയുണ്ടാക്കുന്നു. ഔദ്യോഗിക കണക്കുപ്രകാരം നഗരങ്ങളിൽ 35 ശതമാനവും ഗ്രാമങ്ങളിൽ 32 ശതമാനവും മുതിർന്ന പൗരൻമാർ ഒറ്റപ്പെട്ട ജീവിതം നയിക്കാൻ നിർബന്ധിതരാകുന്നു. ഈ സാഹചര്യത്തിൽ മുതിർന്ന പൗരൻമാരുടെ സംരക്ഷണത്തിന് വേണ്ടത്ര പ്രാധാന്യം നൽകണമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മുതിർന്ന പൗരൻമാരുടെ സംരക്ഷണത്തിനുതകുന്ന തരത്തിലുള്ള സംരംഭം പോലീസ് വകുപ്പിൽ തുടങ്ങണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36. മനുഷ്യന്റെ ആരോഗ്യം നിലനിൽക്കുന്നത് പോഷകസമൃദ്ധമായ ആഹാരം കഴിക്കുന്നതിലൂടെയാണ്. വയോജനങ്ങളുടെ ഭക്ഷണത്തിലും ഇതിന്റെ പ്രാധാന്യം വലുതാണ്. എന്നാൽ കുടുംബാംഗങ്ങൾ ഇവർക്ക് പോഷകസമൃദ്ധമായ ആഹാരം നൽകുന്നതിൽ വേണ്ടത്ര പ്രാധാന്യം നൽകുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. മുതിർന്നവർക്കും കുടുംബാംഗങ്ങൾക്കും പോഷകാഹാരത്തിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊടുക്കുന്നതിനാവശ്യമായ ബോധവൽക്കരണ ക്ലാസ്സുകൾ എല്ലാ പഞ്ചായത്തുകളിലും/കോർപ്പറേഷനുകളിലും തുടങ്ങണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

37. 60 വയസ്സിന് മുകളിലുള്ള മുതിർന്ന പൗരൻമാരിൽ ഏകദേശം 60% വരുന്ന ആളുകളുടെ സാമ്പത്തിക ശാരീരിക മാനസിക സ്ഥിതി വളരെ പരിതാപകരമാണ്.

ഇവരിൽ സംരക്ഷിക്കാൻ മക്കളില്ലാത്തവരും, ഉള്ള മക്കൾ തിരിഞ്ഞുനോക്കാത്തവരുമായി ധാരാളം പേർ ഈ സമൂഹത്തിൽ ജീവിക്കുന്നു. ഇത് മുതിർന്ന പൗരൻമാരെ ഒറ്റപ്പെട്ട ജീവിതം നയിക്കേണ്ട സാഹചര്യത്തിലെത്തിക്കുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. സമൂഹത്തിൽ ഒറ്റപ്പെട്ടുപോകുന്ന മുതിർന്ന പൗരൻമാരെ സംരക്ഷിക്കുന്നതിനു വേണ്ടി കമ്മ്യൂണിറ്റി-കം-ഡേ കെയർ സെന്ററുകൾ ഓരോ പഞ്ചായത്തിലും തുടങ്ങണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ററി. യു. കുരുവിള,
*അദ്ധ്യക്ഷൻ,*
*മുതിർന്ന പൗരന്മാരുടെ ക്ഷേമം*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ജൂൺ 8.

അനുബന്ധം I

## ഗവൺമെന്റിൽ നിന്നും അനുകൂല മറുപടി ലഭിച്ച ഹർജികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

## I. ആഭ്യന്തര വകുപ്പ്

1. മകളുടെയും മരുമകന്റെയും ഉപദ്രവത്തിൽ നിന്നും ജീവനും സ്വത്തിനും സംരക്ഷണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ജഗദമ്മ സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 14508/സി.ഡബ്ല്യു.എസ്.സി1/2012/നി.സെ.)

ഹർജിക്കാരിക്ക് 60 സെന്റ് പുരയിടവും വീടും ഉള്ളതിനാൽ 50 സെന്റ് പുരയിടവും വീടും ഏകമകൾക്ക് എഴുതികൊടുത്തിട്ടുണ്ടെന്നും ബാക്കി 10 സെന്റ് പുരയിടം മരണശേഷം മകൾക്ക് നൽകുന്നതാണെന്നും ഹർജിക്കാരി ഇപ്പോൾ താമസിക്കുന്ന വീടും പുരയിടവും കൈക്കലാക്കാൻ വേണ്ടിയാണ് മകളും കൂട്ടരും ചേർന്ന് ടിയാളെ ഉപദ്രവിക്കുന്നതെന്നും പരാതിയിൽ പറഞ്ഞിരിക്കുന്നു. ആയതിനാൽ മകളുടെയും മരുമകന്റെയും ഉപദ്രവത്തിൽ നിന്നും ജീവനും സ്വത്തിനും സംരക്ഷണം ലഭ്യമാക്കണമെന്നുമാണ് ഹർജിയിലെ ആവശ്യം. പ്രസ്തുത ഹർജി റിപ്പോർട്ടിനായി ആഭ്യന്തരം, ആരോഗ്യ കുടുംബക്ഷേമം എന്നീ വകുപ്പുകളിലേക്കയച്ചിരുന്നു.

ഹർജി വിഷയം സംബന്ധിച്ച് ആഭ്യന്തര വകുപ്പിൽ നിന്നും 8-11-2012-ലെ 52947/ഡി1/12/ആഭ്യന്തരം നമ്പർ കത്തുമുഖേന ലഭ്യമായ റിപ്പോർട്ട് വിവരം ചുവടെ ചേർക്കുന്നു:

വീടും പുരയിടവും തട്ടിയെടുക്കുന്നതിനായി മകളും, മകളുടെ ഭർത്താവും ചേർന്ന് ഭ്രാന്തിയാക്കാൻ ശ്രമിക്കുന്നതായും, ടിയാളുകൾ വീട്ടിലും പുരയിടത്തിലും കയറാതിരിക്കുന്നതിനു നടപടി സ്വീകരിക്കണമെന്നുമാവശ്യപ്പെട്ട് ശ്രീമതി ജഗദമ്മ, കേരള നിയമസഭാ മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി മുമ്പാകെ സമർപ്പിച്ച പരാതിയിൻമേൽ അന്വേഷണംനടത്തി തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പരാതിക്കാരിയുടെ മകളും, മകളുടെ ഭർത്താവുമാണ് നിലവിലെ പരാതിയിലെ എതിർകക്ഷികൾ. പരാതിക്കാരിയുടെ വക 60 സെന്റ് വസ്തുവും വീടും ഉള്ളതിൽ 50 സെന്റ് വസ്തുവും വീടും മകൾക്ക് കൊടുത്തിട്ടുണ്ട്. പരാതിക്കാരിയെ സംരക്ഷിക്കാതെ വസ്തുവും വീടും തട്ടിയെടുക്കുന്നതിനായി ടിയാളെ ഭ്രാന്തിയായി ചിത്രീകരിക്കുന്ന എതിർകക്ഷികൾ വീട്ടിലും വസ്തുവിലും കയറാതിരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നതാണ് പരാതിക്കാരിയുടെ ആവശ്യം. ആയത് തികച്ചും സിവിൽ വ്യവഹാരത്തിൽ ഉൾപ്പെട്ട വിഷയമായതിനാൽ ഇക്കാര്യത്തിൽ കോടതി മുഖാന്തിരം പ്രശ്നപരിഹാരം തേടുന്നതാണ് ഉത്തമമെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നിലവിലെ പരാതിയിലെ അന്വേഷണവുമായി എതിർകക്ഷികൾ സഹകരിച്ചിട്ടില്ല. ആയതിനാൽ ഒത്തുതീർപ്പുവ്യവസ്ഥകൾ സംസാരിക്കുന്നതിന് ഇടയായിട്ടില്ലെന്നും

പരാതിക്കാരിക്ക് എതിർകക്ഷികളിൽ നിന്നും ശല്യം ഉണ്ടാകുന്ന പക്ഷം അക്കാര്യം നേരിട്ട് അറിയിക്കുന്നതിനും തത്സമയം അനുയോജ്യ നടപടികൾ സ്വീകരിക്കുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം അറിയിക്കുന്നു.

പ്രസ്തുത റിപ്പോർട്ടിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെടാൻ നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരം ആഭ്യന്തര വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ട് വിവരം ചുവടെ ചേർക്കുന്നു:

വീടും പുരയിടവും തട്ടിയെടുക്കുന്നതിനായി മകളും, മകളുടെ ഭർത്താവും ചേർന്ന് ഭ്രാന്തിയാക്കാൻ ശ്രമിക്കുന്നതായി ആരോപിച്ചുകൊണ്ട്, കേരള നിയമസഭാ സമിതി മുമ്പാകെ ശ്രീമതി ജഗദമ്മ നൽകിയ പരാതിയിൻമേൽ സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം പരാതികക്ഷിയും എതിർകക്ഷിയും അമ്മയും മകളുമാണെന്നും, ഇവർ തമ്മിൽ വസ്തു സംബന്ധമായ തർക്കമാണെന്ന് വെളിവായിട്ടുള്ളതും, കക്ഷിയുടെ സ്വസ്ഥവും സ്വതന്ത്രവുമായ ജീവിതത്തിന് തടസ്സമുണ്ടാകുന്ന തരത്തിലുള്ള യാതൊരുവിധ പ്രവൃത്തികളും ചെയ്തു പോകരുതെന്ന് എതിർകക്ഷിയെ കർശനമായി താക്കീത് നൽകിയിട്ടുള്ളതും, ആയത് ടിയാളുകൾ സമ്മതിച്ചിട്ടുള്ളതുമാണെന്നും, കൂടാതെ, പരാതി നൽകിയതിനും ശേഷം എതിർകക്ഷികളിൽ നിന്നും യാതൊരുവിധ ശല്യങ്ങളും ഇല്ലാത്തതും മേലിൽ ടിയാളുകളിൽ നിന്നും എന്തെങ്കിലും ശല്യങ്ങളുണ്ടാകുന്ന പക്ഷം അപ്പോൾ വിവരം അറിയിക്കുന്നതും, തൽസമയം അനുയോജ്യമായ നിയമനടപടികൾ സ്വീകരിച്ചാൽ മതിയെന്നും ശ്രീമതി ജഗദമ്മ മൊഴി നൽകിയിട്ടുള്ള വിവരവും അറിയിക്കുന്നു.

തുടർന്ന് ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

ശ്രീമതി ജഗദമ്മയെ 24-4-2012-ൽ തിരുവനന്തപുരം പേരൂർക്കട മെന്റൽ ഹെൽത്ത് സെന്ററിലെ ഡ്യൂട്ടി ഡോക്ടർ കാണുകയും പതിനൊന്നാം വാർഡിൽ അഡ്മിറ്റാക്കുകയും ചെയ്തിരുന്നു. 25-4-2012-ൽ പ്രസ്തുത ആശുപത്രിയിലെ ഡോ. ഇന്ദു വി. നായർ പരിശോധി ക്കുമ്പോൾ ഇവർക്ക് ബന്ധുക്കളെക്കുറിച്ച് സംശയമുണ്ടായിരുന്നു. ബ്ലഡ് പ്രഷറും കൂടുതലായിരുന്നു. വിശദമായ മാനസിക പരിശോധനയ്ക്കായി തീരുമാനിച്ച് നിരീക്ഷണ ത്തിലിരിക്കെ 25-4-2012-ൽ ടിയാളുടെ സഹോദരൻ ശ്രീ. സുശീലൻ വരികയും അദ്ദേഹത്തിന്റെ ആവശ്യപ്രകാരം ടിയാളെ നിർബന്ധിച്ച് ഡിസ്ചാർജ് വാങ്ങി കൊണ്ട് പോകുകയും ചെയ്തു.

2. ജീവനും സ്വത്തിനും സംരക്ഷണം ആവശ്യപ്പെട്ട് ശ്രീ. റോക്കി, പി. സി. (67 വയസ്സ്) സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 12606/സി. ഡബ്ല്യൂ. എസ്. സി2/11/നി. സെ.)

ജീവന് ഭീഷണിയായി വീടിനോട് ചേർന്നുനിൽക്കുന്ന അയൽവീട്ടിലെ മരം മുറിച്ചുമാറ്റുന്നതിനായി ഹർജിക്കാരൻ സമർപ്പിച്ച 7-3-2011-ലെ പരാതിയിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിൽ, പരാതിയിൽ പറയുന്ന മരംമൂലം പ്രകടമായ ഭീഷണി കാണാൻ കഴിഞ്ഞിട്ടില്ലെന്നും അപകടസാധ്യത ഉണ്ടാകുന്നുവെങ്കിൽ ഒക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ നൽകി പരിഹാരം കാണാവുന്ന താണെന്നും അറിയിച്ചിരുന്നു.

ഹർജിക്കാരൻ 7-5-2013-ൽ സമർപ്പിച്ച തുടർ ഹർജിയിൽ എതിർകക്ഷികളിലൊരാളായ സേവ്യറും ഭാര്യയും ഹർജിക്കാരന്റെ പുരയിടത്തിന്റെ അതിർത്തിയോട് ചേർത്ത് തീയിട്ട് ജാതി, പ്ലാവ് എന്നിവ നശിപ്പിക്കുന്നുവെന്നും മറ്റൊരു എതിർകക്ഷി ഹർജിക്കാരനെതിരെ വധഭീക്ഷണി മുഴക്കുന്നുവെന്നും ആയതിനാൽ ഹർജിക്കാരന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകണമെന്നും ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത ഹർജിയിന്മേൽ തദ്ദേശസ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകളിൽ നിന്നും റിപ്പോർട്ടാവശ്യപ്പെട്ടിരുന്നു. തുടർന്ന് ഹർജി വിഷയം 27-11-2013-ൽ എറണാകുളം ജില്ലയിൽ നടന്ന, ഹർജിക്കാരൻ കൂടി പങ്കെടുത്ത തെളിവെടുപ്പ് യോഗത്തിൽ പരിഗണിക്കുകയും പ്രസ്തുത വേളയിൽ, പരാതിക്കാരനോട് വില്ലേജാഫീസർ മോശമായി പെരുമാറിയിട്ടില്ലെന്നും പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ ഗൗരവമായി കാണുന്നതാണെന്ന് വില്ലേജാഫീസർക്ക് താക്കീത് നൽകിയിട്ടുണ്ടെന്നും ഹർജിക്കാരന്റെ വീടിന് മുകളിൽ വച്ച് മരം മുറിച്ച് മാറ്റിയിട്ടുണ്ടെന്നും ഹർജിക്കാരന്റെ മതിലിനോട് ചേർത്ത് തീകത്തിച്ച സംഭവം അന്വേഷണത്തിൽ കണ്ടില്ലെന്നും ജീവന് ഭീഷണിയുള്ളതായി വെളിവായിട്ടില്ലെന്നും അന്വേഷണ ഉദ്യോഗസ്ഥൻ അറിയിച്ചിരുന്നു. തുടർ ഹർജിയിന്മേൽ ആഭ്യന്തര വകുപ്പിൽ നിന്നും ലഭിച്ച 31-12-2013-ലെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

പുനർ ഹർജിയിന്മേൽ അന്വേഷണം നടത്തിയതിൽ പരാതിക്കാരൻ കുറച്ച് വർഷങ്ങൾക്ക് മുമ്പ് വാങ്ങുകയും വാടകയ്ക്ക് കൊടുത്തിട്ടുള്ളതുമായ ചേലമറ്റം ഭാഗത്തുള്ള വീടിന്റെ അതിർത്തി പൂർണ്ണമായും മതിൽ കെട്ടി തിരിച്ചിട്ടുള്ളതാണെന്നും ടി പുരയിടത്തിന്റെ കിഴക്കുവശത്ത് താമസിക്കുന്നവർക്കെതിരെയാണ് പരാതി നല്കിയിട്ടുള്ളതെന്നും വെളിവായിട്ടുള്ളതായും എതിർകക്ഷികളോടും സമീപവാസികളോടും അന്വേഷിച്ചതിൽ നിന്നും നേരത്തെ നെല്ല് പുഴുങ്ങുന്നതിനായി തീ കത്തിയിരുന്നതല്ലാതെ സമീപകാലത്ത് ഒന്നും തന്നെ തീ കത്തിച്ചിട്ടില്ലാ എന്നും പരാതിയിൽ ഉന്നയിക്കുന്ന തരത്തിൽ ഒരു ദ്രോഹവും എതിർകക്ഷികൾ ചെയ്തിട്ടില്ലാ എന്നും പരാതിയിൽ പറയുന്ന ശ്രീ. സേവ്യർ ജന്മനാ ഒരു കൈയ്ക്ക് സ്വാധീനം ഇല്ലാത്തയാളും പാപ്പച്ചൻ അപകടത്തിൽപ്പെട്ട് ഒരു കാൽ മുറിച്ചുമാറ്റിയ ആളുമാണെന്നും പരാതിക്കാരന് നിലവിൽ ഭീഷണികളൊന്നും ഉള്ളതായി കണ്ടിട്ടില്ല എന്നും എന്നിരുന്നാലും പരാതിക്കാരന് ശല്യമുണ്ടാകുന്ന രീതിയിൽ തീയിടുകയോ മറ്റ് ദ്രോഹങ്ങൾ ഒന്നും തന്നെ ചെയ്യുകയോ അരുതെന്ന് എതിർകക്ഷികൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നും പോലീസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. തന്റെ കടയുടെ സമീപത്ത് പ്രവർത്തിക്കുന്ന തയ്യൽകടയുടമയുടെ അതിക്രമത്തിൽ നിന്നും സംരക്ഷണം ആവശ്യപ്പെട്ട് ശ്രീമതി സുനന്ദ പുരുഷോത്തമൻ, ചോറ്റാനിക്കര സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 21261/സി.ഡബ്ല്യു.എസ്.സി2/2013/നി.സെ.)

തിരുവാങ്കുളം പഞ്ചായത്ത് ഓഫീസിന് സമീപം കട നടത്തിക്കൊണ്ടിരിക്കുന്ന ഹർജിക്കാരിയുടെ കടയ്ക്ക് സമീപം പ്രവർത്തിക്കുന്ന തയ്യൽകട ഉടമ ഹർജിക്കാരിയെ കട തുറന്ന് പ്രവർത്തിപ്പിക്കാൻ അനുവദിക്കുന്നില്ലെന്നും കടയിൽ അതിക്രമിച്ച് കയറി ഭീഷണിപ്പെടുത്തുന്നെന്നും ഇതിനെതിരെ സംരക്ഷണം നൽകണമെന്നും ആവശ്യപ്പെട്ട് കൊണ്ടുള്ള ഹർജി.

പ്രസ്തുത ഹർജിയിൻമേൽ ആഭ്യന്തര വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

പരാതിക്കാരിയായ ശ്രീമതി സുനന്ദ പുരുഷോത്തമനും എതിർ കക്ഷിയായ ശ്രീമതി പ്രീതി ജോയിയും ഒരേ കെട്ടിടത്തിൽ തൊട്ടടുത്തായി വ്യാപാര സ്ഥാപനങ്ങൾ നടത്തിയിരുന്നവരാണെന്നും ആദ്യകാലത്ത് അടുത്ത സുഹൃദ്ബന്ധത്തിലായിരുന്ന ഇവർ തമ്മിൽ 2013 ജനുവരി മുതൽ ബിസിനസ്സ് സംബന്ധമായ ചില അഭിപ്രായ വ്യത്യാസങ്ങൾമൂലം ശത്രുതാപരമായ പിണക്കത്തിലാവുകയാണുണ്ടായതെന്നും ഇതിനെ തുടർന്ന് ഇരു കൂട്ടരും പരസ്പരം കലഹിക്കുകയും അപവാദപ്രചരണങ്ങൾ നടത്തുകയും അടിസ്ഥാന രഹിതമായ ആരോപണങ്ങൾ ഉന്നയിക്കുകയും ചെയ്തിരുന്നുവെന്നും പരാതിയെക്കുറിച്ച് അന്വേഷിച്ച അന്വേഷണ ഉദ്യോഗസ്ഥൻ ഇരു കൂട്ടരോടും നേരിട്ട് ചോദിച്ചതിൽ ഇരുവരും ഇപ്പോൾ രമ്യതയിലാണെന്നും തനിക്ക് യാതൊരു ശല്യങ്ങളും ഇപ്പോൾ എതിർ കക്ഷിയിൽ നിന്നും ഇല്ലായെന്നും പരാതിയിൽ മറ്റ് നടപടികൾ സ്വീകരിക്കേണ്ടതില്ലെന്നും പരാതിക്കാരിയായ സുനന്ദ പുരുഷോത്തമൻ ബോധിപ്പിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട് എന്ന് എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## II. റവന്യൂ വകുപ്പ്

1. വസ്തു തിരികെ ലഭിക്കുന്നതിനായി ശ്രീമതി സരസ്വതി ഉണ്ണികൃഷ്ണൻ നായർ സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 11758/സി.ഡബ്ല്യു.എസ്.സി1/2011/നി.സെ.)

നിരാലംബരും മക്കളില്ലാത്തവരുമായ ഹർജിക്കാരിയെയും ഭർത്താവിനെയും സഹോദരൻ പീഡിപ്പിക്കുന്നുവെന്നും അച്ഛന്റെ പേരിൽ ഉണ്ടായിരുന്ന വസ്തുവിൽ തനിക്ക് അവകാശപ്പെട്ട 54 സെന്റ് വസ്തുവിൽ നിന്നും കബളിപ്പിച്ച് കൈക്കലാക്കിയ 26 സെന്റ് വസ്തു തന്റെ സഹോദരനിൽ നിന്നും തിരികെ ലഭിക്കുന്നതിനും സഹോദരന്റെയും മകന്റെയും ഭീഷണിയിൽ നിന്നും രക്ഷിക്കണമെന്നുമാണ് ഹർജിയിലെ ആവശ്യം. പ്രസ്തുത ഹർജിയിൻമേൽ റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

പ്രസ്തുത പരാതി സംബന്ധിച്ച് തൃശ്ശൂർ ജില്ലാ കളക്ടർ അന്വേഷണം നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി പരാതി തൃശ്ശൂർ ജില്ലാ സാമൂഹ്യ ക്ഷേമ വകുപ്പ് ഓഫീസർ മുഖേന കൺസിലിയേഷൻ ഓഫീസറായ രവി പനയ്ക്കലിന് കൈമാറുകയും ടിയാൾ മുമ്പാകെ പരാതിക്കാരിയും സഹോദരനായ ആർ. വിശ്വനാഥനും നടത്തിയ

അനുരഞ്ജനചർച്ചയെത്തുടർന്ന് ഇരുകക്ഷികളും പരാതിക്കാരി ആവശ്യപ്പെട്ടിരുന്ന വിധത്തിൽത്തന്നെ വിഷയം അവസാനിപ്പിക്കുവാൻ തീരുമാനിച്ചതായും അറിയിച്ചിരിക്കുന്നു.

പരാതിക്കാരിയായ ശ്രീമതി സരസ്വതി ഉണ്ണികൃഷ്ണന്റെ കൊടുങ്ങല്ലൂർ ശ്രീനാരായണപുരം പഞ്ചായത്തിലെ സർവ്വേ 82/6-ലെ 28 സെന്റ് സ്ഥലത്തിനും വീടിനും 9 ലക്ഷം രൂപ നൽകുവാനും പണം നൽകിയാൽ പ്രസ്തുത ഭൂമിയും അതിലെ സ്ഥാവര ജംഗമ വസ്തുക്കളും വിശ്വനാഥൻ നായരുടെ ഭാര്യ യശോധര നേത്യാർക്ക് ജന്മം തീരെ രജിസ്റ്റർ ചെയ്തു നൽകുവാനും തീരുമാനമായിട്ടുണ്ട്. എന്നാൽ പരാതിക്കാരിക്കും ഭർത്താവിനും അവരുടെ കാലാവസാനം വരെ പ്രസ്തുത വീട്ടിൽ താമസിക്കുവാനും അനുഭവങ്ങൾ എടുക്കുവാനും അധികാരമുള്ളതുമാണ്. പ്രസ്തുത സ്ഥലത്തേക്ക് നിലവിലുള്ളവഴി വിട്ട് ഒരു കാറ് ഉൾപ്പെടെയുള്ള വാഹനങ്ങൾ പോകാനുള്ള സ്ഥലം പരാതിക്കാരി വാങ്ങി നൽകാമെന്നും പരാതിക്കാരിയും ഭർത്താവും സമ്മതിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ നിലവിലുള്ള യാതൊരു പരാതികളും നിലനിൽക്കുന്നതല്ലെന്നും എല്ലാ പരാതികളും കൊടുങ്ങല്ലൂർ മുനിസിഫ് കോർട്ടിൽ OS No.655/10, OS 132/12 ആയി നിലനിൽക്കുന്ന കേസുകളും പിൻവലിക്കുന്നതായും ഇരുകക്ഷികളും പൂർണ്ണസമ്മതത്തോടെ ഒപ്പിട്ട് നൽകിയിട്ടുള്ളതായും അറിയിക്കുന്നു.

2. വസ്തുവിന്റെ കരം സ്വീകരിക്കുന്നില്ലെന്ന് പരാതിപ്പെട്ട് ശ്രീ. ഗോപാലൻ നായർ, പുനലൂർ സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 12645/സി.ഡബ്ല്യൂ.എസ്.സി2/2011/നി.സെ.)

അതിർത്തി തർക്കം നിലനിൽക്കുന്നതും പുനലൂർ മുൻസിഫ് കോടതിയുടെ നിരോധന ഉത്തരവ് നിലവിലുള്ളതുമായ തന്റെ വസ്തുവിൽ എതിർ കക്ഷിയും സുഹൃത്തായ വില്ലേജാഫീസറും കൂടി അനുവാദമില്ലാതെ പ്രവേശിച്ച് അളക്കുകയും ടി വസ്തു ഹർജിക്കാരന്റെ കൈവശമില്ലെന്ന് തണ്ടപ്പേര് രജിസ്റ്ററിൽ എഴുതുകയും ചെയ്തെന്നും കരം സ്വീകരിക്കുന്നില്ലെന്നും പരാതിപ്പെട്ട് സമർപ്പിച്ച ഹർജി റിപ്പോർട്ടിനായി റവന്യൂ, ആഭ്യന്തരം എന്നീ വകുപ്പുകൾക്ക് അയച്ചു. റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

ശ്രീ. ഗോപാലൻനായർ സമർപ്പിച്ച പരാതികളിൻമേൽ പുനലൂർ വില്ലേജാഫീസിലെ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിലും പരാതി കക്ഷിയെ നേരിൽ കേട്ടതിലും താഴെപ്പറയുന്ന വിവരങ്ങൾ ലഭിച്ചു എന്ന് കൊല്ലം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് :

പുനലൂർ വില്ലേജിൽ സർവ്വേ 399/1-ൽപ്പെട്ട പരാതിക്കാസ്പദമായ 7.29 ആർസ് സ്ഥലം 6244-ാം നമ്പർ തണ്ടപ്പേർ പ്രകാരം പുനലൂർ കതിരച്ചിറ ചരുവിള പടിഞ്ഞാറ്റേതിൽ വീട്ടിൽ ശ്രീ. നാരായണൻ നായർ മകൻ ഗോപാലൻ നായർ പേരിലുള്ളതാണ്. എന്നാൽ ടി തണ്ടപ്പേരിൽ ടി വസ്തു സംബന്ധിച്ച് പുനലൂർ മുൻസിഫ് കോടതിയിൽ കേസുണ്ട് എന്ന് രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. പരാതി

നൽകിയതിനുശേഷം 22-3-2012-ൽ 2011-12 വർഷത്തെയും 5-7-2013-ൽ 2013-14 വർഷത്തിലെയും കരം വില്ലേജിൽ സ്വീകരിച്ചിട്ടുള്ളതാണ്. പറഞ്ഞിരിക്കുന്ന വസ്തുവിന്റെ അവകാശം സംബന്ധിച്ച് പരാതിക്കാരനും ടി വില്ലേജിൽ കതിരച്ചിറ കണ്ണങ്കര പുത്തൻ വീട്ടിൽ ശ്രീ. സുകുമാരപിള്ളയും തമ്മിൽ ബഹു. പുനലൂർ മുൻസിഫ് കോടതി മുമ്പാകെ പരാതിക്കാരൻ വാദിയായി ഒ.എസ്.88/06 നമ്പരായും എതിർ കക്ഷിയായ ശ്രീ. സുകുമാരപിള്ള വാദിയായി 103/2006 നമ്പരായുള്ള രണ്ട് കേസുകൾ നടന്നുവരുന്നതായി അറിയുന്നു. ഒ.എസ്.88/06 പ്രകാരം എതിർ കക്ഷിയായ സുകുമാരപിള്ള വസ്തുവിൽ പ്രവേശിക്കുന്നത് ബഹു.കോടതി താൽക്കാലികമായി നിരോധിച്ചിട്ടുള്ളതുമാണ്.

പരാതി സംബന്ധിച്ച് കക്ഷിയെ വിചാരണ ചെയ്തതിൽ ടി പരാതി സമർപ്പിച്ചതിന് ശേഷം 2011-12-ലെയും, 2012 മുതൽ 2013-14 വരെയും ഉള്ള കരം വില്ലേജാഫീസിൽ സ്വീകരിച്ച് രസീത് നൽകിയിട്ടുള്ളതും ടി വസ്തു തർക്കം കോടതി ഉത്തരവ് മുഖേന പരിഹരിക്കുമെന്നും ആയതിനാൽ ടി പരാതിയിൻമേൽ തുടർ നടപടികൾ ആഗ്രഹിക്കുന്നില്ലായെന്നും അറിയിച്ചിട്ടുണ്ട്.

ഹർജിക്കാരൻ മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി മുമ്പാകെ സമർപ്പിച്ച പരാതിയിൽ, ടിയാനെ അസഭ്യം പറയുകയും ഭീഷണിപ്പെടുത്തുകയും ചെയ്തത് സംബന്ധിച്ച് ടിയാൻ പോലീസിൽ പരാതി നൽകുകയും പോലീസ് ഇടപെടൽമൂലം ടിയാനിപ്പോൾ മറ്റ് ശല്യങ്ങൾ ഒന്നും തന്നെയില്ലായെന്ന് രേഖാമൂലം മൊഴി നൽകിയിട്ടുള്ളതുമാണ്.

## III. ഊർജ്ജ വകുപ്പ്

1. വീട്ട് നമ്പർ ലഭിക്കാത്തതിനാൽ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലെന്നും കരമടയ്ക്കാൻ കഴിയുന്നില്ലെന്നും ബോധിപ്പിച്ച് ശ്രീ. ബി. ബാലചന്ദ്രൻ, എറണാകുളം സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 12839/സി.ഡബ്ല്യു.എസ്.സി2/2011/നി.സെ.)

ഹർജിക്കാരൻ സ്വയം നിർമ്മിച്ച് 1984 മുതൽ താമസിച്ചുവരുന്ന വീടിന് പഞ്ചായത്തിൽ നിന്നും നമ്പർ ലഭിക്കാത്തതിനാൽ കരമടയ്ക്കാൻ കഴിയുന്നില്ലെന്നും വൈദ്യുതി കണക്ഷൻ ലഭിക്കുന്നില്ലെന്നും പരാതിപ്പെട്ട് 7-3-2011-ൽ സമർപ്പിച്ച ഹർജിയും 1-1-2013-ൽ സമർപ്പിച്ച പുനർ ഹർജിയും റിപ്പോർട്ടിനായി തദ്ദേശസ്വയംഭരണ വകുപ്പിനും ഊർജ്ജ വകുപ്പിനും അയച്ചു. പഞ്ചായത്തിൽ നിന്നും വീട്ടുനമ്പർ ലഭിച്ചതായി പുനർഹർജിയിൽ ഹർജിക്കാരൻ അറിയിച്ചിരുന്നു. ഊർജ്ജ വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

എറണാകുളം ജില്ലയിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയ സമയം വൈദ്യുത കണക്ഷന് വേണ്ടിയുള്ള അപേക്ഷ ശ്രീ. ബി. ബാലചന്ദ്രൻ നൽകിയിരുന്നില്ലെന്നും നിലവിലുള്ള നിയമപ്രകാരം 500 വാട്ട്സിന് താഴെ കണക്ടഡ് ലോഡുള്ള ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്കും 1000 വാട്ട്സിന് താഴെ കണക്ടഡ് ലോഡുള്ള എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്കും മാത്രമേ സൗജന്യ വൈദ്യുത കണക്ഷന് അർഹതയുള്ളുവെന്നും ബഹു.സമിതിയെ അറിയിച്ചുകൊള്ളുന്നു. 2011 നവംബർ മാസത്തിൽ നോർത്ത് പറവൂർ ഇലക്ട്രിക്കൽ സെക്ഷനിൽ ഹർജിക്കാരന്റെ ഒരു കത്ത് ലഭിച്ചിരുന്നുവെങ്കിലും ടിയാൻ പുതിയ സർവ്വീസ് കണക്ഷനുള്ള അപേക്ഷ സമർപ്പിച്ചിട്ടില്ലെന്ന് വ്യക്തമായതിനെ തുടർന്ന് പുതിയ കണക്ഷൻ എടുക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ വിശദീകരിച്ചുകൊണ്ട് 2-11-2011-ൽ നോർത്ത് പറവൂർ ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ ഇതിന് മറുപടി നൽകിയിട്ടുള്ളതും ആകുന്നു. ആയതിനാൽ പുതിയ വൈദ്യുത കണക്ഷന് വേണ്ട അപേക്ഷ പ്രസ്തുത ഫോറത്തിൽ നിശ്ചിത ഫീസ് ഒടുക്കി പറവൂർ ഇലക്ട്രിക്കൽ സെക്ഷനിൽ സമർപ്പിച്ച് കണക്ഷൻ രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് ഹർജിക്കാരന് വൈദ്യുത കണക്ഷൻ നൽകുന്നതാണെന്നും കെ. എസ്. ഇ. ബി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി ശ്രീമതി ടി. സരോജിനി, കൊല്ലം സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 12346/സി.ഡബ്ല്യു.എസ്.സി 2/2012/നി.സെ.)

വികലാംഗയും പട്ടികജാതിക്കാരിയുമായ ഹർജിക്കാരിക്ക് ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം ലഭിച്ച വീടിന് വൈദ്യുതി കണക്ഷന് വേണ്ടി അപേക്ഷിച്ചപ്പോൾ 20,000 രൂപ അടയ്ക്കണമെന്ന് നിർദ്ദേശിച്ചതായും പ്രസ്തുത തുക അടയ്ക്കാൻ കഴിയാത്തതിനാൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ഉത്തരവ് നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള ഹർജി, റിപ്പോർട്ടിനായി ഊർജ്ജ വകുപ്പിന് അയച്ചു.

പ്രസ്തുത വകുപ്പിൽ നിന്നും 26-4-2013 തീയതിയായി ലഭിച്ച റിപ്പോർട്ടിൽ "ശ്രീമതി സരോജിനിയുടെ വീട്ടിലേക്ക് മയ്യനാട് ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും 14-3-2012-ൽ 14015 കൺസ്യൂമർ നമ്പരായി വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്" എന്ന് അറിയിച്ചു.

## IV. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

പട്ടികജാതി വികസന വകുപ്പ് ജീവനക്കാരനായിരുന്ന ഹർജിക്കാരന് ശമ്പളവും അലവൻസും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി. കെ. രാഘവൻ, തൃശ്ശൂർ സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 16157/സി.ഡബ്ല്യു.എസ്.സി 2/2012/നി.സെ.)

പട്ടികജാതി വികസന വകുപ്പിൽ സേവനമനുഷ്ഠിച്ച് 31-12-1993-ൽ റിട്ടയർ ചെയ്ത ഹർജിക്കാരന് 1-1-1987 മുതൽ 24-9-1987 വരെയുള്ള ശമ്പളവും 25-9-1987 മുതൽ 15-2-1988 വരെയുള്ള ചാർജ് അലവൻസും ലഭിച്ചില്ലെന്നും ഇവ നൽകിയതായി വ്യാജരേഖകൾ ചമച്ചതായും തനിക്ക് ലഭിക്കാനുള്ള 48,799 രൂപ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി റിപ്പോർട്ടിനായി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന് അയച്ചു. പ്രസ്തുത വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

ശ്രീ. രാഘവന്റെ പരാതിയുടെ അടിസ്ഥാനത്തിൽ വകുപ്പുതല അന്വേഷണം നടത്തി ടിയാന്റെ പരാതി പരിഹരിച്ചിട്ടുണ്ട്. ടിയാന് അർഹതപ്പെട്ട 16,342 രൂപ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നെങ്കിലും ടിയാൻ അത് കൈപ്പറ്റിയിരുന്നില്ല. ഗസറ്റഡ് കേഡറിൽ പെൻഷൻ പറ്റിയ ആളെന്ന നിലയിൽ ടി തുക ട്രഷറിയിൽ നിന്നും സ്വയം മാറിയെടുക്കാമായിരുന്നെങ്കിലും ടിയാൻ അതിന് തയ്യാറാകാത്ത സാഹചര്യത്തിൽ, വകുപ്പ് മുഖേന തുക മാറി നൽകുന്നതിന് പ്രത്യേകാനുമതി നൽകണമെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ അഭ്യർത്ഥന മാനിച്ചും, ശ്രീ. പി. കെ. രാഘവന്റെ പ്രായാധിക്യം പരിഗണിച്ചും, ടിയാന് നിയമപ്രകാരം അനുവദനീയമായ 16,342 രൂപ പട്ടികജാതി വികസന വകുപ്പ് മുഖേന മാറി നൽകുന്നതിന് 22-2-2013-ലെ സ.ഉ. (സാധാ.) 232/13/പജപവവിവ. ഉത്തരവ് പ്രകാരം ഡയറക്ടർക്ക് പ്രത്യേകാനുമതി നൽകിയിരുന്നു. ടി തുക 26-3-2013-ലെ 864046 നമ്പർ ബാങ്കേഴ്സ് ചെക്ക് പ്രകാരം ടിയാൾ കൈപ്പറ്റിയിട്ടുമുണ്ട്.

## V. ഗതാഗത വകുപ്പ്

ഓട്ടോറിക്ഷകൾ അമിത ചാർജ് ഈടാക്കുന്നതിനെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീ. കെ. ജി. ശശിധരൻ, തൃശ്ശൂർ സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 16159/സി.ഡബ്ല്യു.എസ്.സി 2/2012/നി.സെ.)

ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി, പടിയൂർ പഞ്ചായത്ത് പ്രദേശങ്ങളിലെ ഓട്ടോറിക്ഷാ ഡ്രൈവർമാർ അമിത ചാർജ് ഈടാക്കുകയും മീറ്ററിൽ കൃത്രിമം കാട്ടിയും മീറ്റർ ഇല്ലാതെയും സർവ്വീസ് നടത്തുന്നതായും ഇതിനെതിരെ നടപടി സ്വീകരിക്കണമെന്നുമാണ് ഹർജിയിലെ ആവശ്യം. പ്രസ്തുത ഹർജിയിന്മേൽ ഗതാഗത വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

